**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 534** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>മാവേലിക്കര എക്സൈസ് കോംപ്ലക്സിന്റെ നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. എസ്. അരുൺ കുമാർ

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** മാവേലിക്കര എക്സൈസ് കോംപ്ലക്സിന്റെ ഒന്നാംഘട്ട നിർമ്മാണം 2.71 കോടിരൂപ വിനിയോഗിച്ച് പൂർത്തീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** മാവേലിക്കര എക്സൈസ് കോംപ്ലക്സിന്റെ ഒന്നാംഘട്ടമായി 271.83 ലക്ഷം രൂപ വിനിയോഗിച്ച് ഗ്രൗണ്ട് ഫ്ലോറിന്റെ നിർമ്മാണം പൂർത്തികരിക്കുകയും പ്രസ്തുത സ്ഥലത്ത് മാവേലിക്കര എക്സൈസ് റേഞ്ച് ഓഫീസ് പ്രവർത്തിച്ചു വരികയുമാണ്.

**(ബി)** മാവേലിക്കര എക്സൈസ് കോംപ്ലക്സിന്റെ രണ്ടാംഘട്ട നിർമ്മാണത്തിന് ആവശ്യമായ തുക അനുവദിക്കുന്നത് പരിഗണിക്കുമോയെന്ന് അറിയിക്കാമോ ?

**<u>മറുപടി:</u>** മാവേലിക്കര എക്സൈസ് കോംപ്ലക്സിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തികൾക്കായി പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എൻജിനീയർ ഭരണാനുമതിക്കായി ലഭ്യമാക്കിയ DSR 2021 പ്രകാരമുള്ള 282.37 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ ചില ന്യൂനതകൾ ഉണ്ടായിരുന്നതിനാൽ പ്രസ്തുത ന്യൂനതകൾ പരിഹരിച്ച് സമർപ്പിക്കുന്നതിന് പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എൻജിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**